(ബി) പ്രസ്തുത പദ്ധതികൾ യഥാസമയം നടപ്പിലാക്കാൻ കഴിയാതിരുന്നതിനാൽ, സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് തിരിച്ചുനൽകിയിരുന്ന തുക എത്ര എന്ന് വർഷംതിരിച്ച് വ്യക്തമാക്കുമോ ; ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ റദ്ദാക്കുകയുണ്ടായി?

ഉത്തരം

(എ&ബി) 2011-12 മുതൽ 2015-16 വരെയുള്ള ഓരോ വർഷവും കേന്ദ്ര ടൂറിസം മന്ത്രാലയം വഴി സംസ്ഥാന ടൂറിസം വകുപ്പ് നേടിയെടുത്ത പദ്ധതികൾ, ലഭിച്ച കേന്ദ്ര സഹായ തുക, തിരിച്ച് നൽകിയ തുക, നടപ്പിലാക്കാൻ കഴിയാതെ റദ്ദാക്കിയവ എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

319(1020) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സീസണിലെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്, വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിനെ അന്തർദ്ദേശീയതലത്തിൽ അറിയപ്പെടുന്ന ഒരു വ്യാപാര കേന്ദ്രമാക്കുക, ഓണം കഴിഞ്ഞാൽ മറ്റൊരു വ്യാപാരകാലം സൃഷ്ടിക്കുക, കേരളത്തിന്റെ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുക എന്നിവയാണ് ഫെസ്റ്റിവലിന്റെ പ്രഖ്യാപിത ലക്ഷ്യം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫെസ്റ്റിവലിന്റെ നിർവ്വാഹകസമിതിയും ഉന്നതതല സമിതിയുംകൂടി വേണ്ട നിർദ്ദേശങ്ങൾ ഫെസ്റ്റിവലിന്റെ ഡയറക്ടർക്ക് അതത് സമയത്ത് നൽകുന്നു. നേരത്തെ വിവിധ ഏജൻസികൾ ഏറ്റെടുത്തു നടത്തിവന്ന പ്രവർത്തനം ഓരോ സീസണിലും ക്രമാനുഗതമായി കുറയ്ക്കുകയും ഇവ ജി.കെ.എസ്.എഫ്. നേരിട്ട് സംഘടിപ്പിക്കുകയുമാണ് ചെയ്യുന്നത്. ചെലവിനത്തിൽ ഏജൻസികൾക്ക് നൽകിയ കമ്മീഷൻ, സർവ്വീസ് ചാർജ്ജ് തുടങ്ങിയ ഇനങ്ങളിൽ മുൻസീസണുകളിൽ ചെലവഴിക്കപ്പെട്ട തുകയുടെ നല്ലൊരു ശതമാനം ലാഭിക്കാൻ ഇപ്രാവശ്യം കഴിഞ്ഞു. സീസൺ 9-ൽ ഫുഡ് ഫെസ്റ്റിവൽ വിതരണം കാൾ സെന്റർ തുടങ്ങിയവ ജി.കെ.എസ്.എഫ്. നേരിട്ടാണ് നടത്തിയത്. അത്യാവശ്യ മേഖലകളിൽ മാത്രമാണ് പുറത്തുനിന്നുള്ള ഏജൻസികളുടെ സേവനം ലഭ്യമാക്കിയിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ എം.പാനൽ ചെയ്തിരിക്കുന്ന ഏജൻസികളെയാണ് പ്രയോജനപ്പെടുത്തിയിരിക്കുന്നത്.

അടിസ്ഥാന സൗകര്യ വികസന രംഗം

320(1021) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വകുപ്പ് 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഭരണാനുമതി നൽകിയിരുന്ന പദ്ധതികളിൽ എത്രയെണ്ണം ഇനിയും നിർമ്മാണം പൂർത്തിയാക്കുകയോ ആരംഭിക്കുകയോ ചെയ്യാതെ കിടപ്പുണ്ടെന്ന് വിശദമാക്കുമോ;

(ബി) മേല്പറഞ്ഞ കാലയളവിൽ ഭരണാനുമതി നൽകിയ എത്ര വർക്കുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ, എത്ര തുക ട്രഷറിയിൽ നിന്നും പിൻവലിക്കാതെ കിടപ്പുണ്ട്;

(സി) നിർമ്മാണ പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിക്കാതെ ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ട വർക്കുകൾ ഏതൊക്കെയാണ്; ഉദ്ഘാടനം നിർവ്വഹിച്ചതിനു ശേഷവും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെ;

(ഡി) ഭരണാനുമതി നൽകിയെങ്കിലും ടെണ്ടർ വിളിച്ചിട്ടില്ലാത്ത എത്ര വർക്കുകൾ ഉണ്ട്;

(ഇ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെട്ട എത്ര വർക്കുകൾ നടപ്പിലാക്കാൻ സാധ്യമായിട്ടില്ല?

LIBRARY ARCHIVES Kerala Legislative Assembly